# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 19 ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

സഹകരണ വകുപ്പുമന്ത്രി
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും
വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി

<u>തൊഴിലുറപ്പ് പദ്ധതി</u>

*421 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എളമരം കരീം
,, എം. ചന്ദ്രൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട് എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) തൊഴിലുറപ്പ് പദ്ധതിപ്രകാരം ഇപ്പോൾ ലഭിക്കുന്ന തൊഴിൽ മേഖല വിപുലപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമാ;

(സി) ദേശീയ തൊഴിലുറപ്പ് പദ്ധതി ഏകോപിപ്പിക്കാൻ ഉദ്യോഗസ്ഥരില്ലാത്തിതനാൽ പദ്ധതി പ്രവർത്തനം സുഗമമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാൻ നടപടി

*422 ശ്രീ. വി. ചെന്താമരാക്ഷൻ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. സി. കെ. സദാശിവൻ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) രാസവളങ്ങളുടേയും കീടനാശിനികളുടേയും വിലയും ട്രാക്ടറുകളുടെയും കൊയത്ത് മെഷീനുകളുടേയും വാടകചെലവും ഇപ്പോൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ നെല്ലിന്റെ സംഭരണ വില എത്രയും പെട്ടെന്ന് വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രവാസി പ്രശ്നങ്ങൾക്ക് പരിഹാരം</u>

*423 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, എ. പ്രദീപ്കുമാർ
,, എം. ഹംസ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; പ്രവാസികൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രവാസികൾക്ക് വിമാനയാത്രാക്കൂലി വർദ്ധന, എമിഗ്രേഷൻ ക്ലിയറൻസിലെ പ്രശ്നങ്ങൾ, എംബസികളിലെ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താൻ നടപടി</u>

*424 ശ്രീ. പി. സി ജോർജ്
,, റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനങ്ങളിൽ കെട്ടിക്കിടക്കുന്ന കോടിക്കണക്കിന് രൂപാ ഉത്പാദനാധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായി വിനിയോഗിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പണിമുടക്കിനെ നേരിടുന്നതിന് സ്ഥിരം സംവിധാനം</u>

*425 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിന്നൽ പണിമുടക്കിനെ നേരിടുന്നതിന് ഒരു സ്ഥിരം സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാർ ജില്ലാ തലത്തിൽ ഒരു സമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയായിരിക്കും സമിതിയിലെ അംഗങ്ങൾ;

(സി) എത്ര ജില്ലകളിൽ ഈ സമിതി ഇതിനകം നിലവിൽ വന്നു; ബാക്കി ജില്ലകളിൽ സമിതികൾ എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) മിന്നൽ പണിമുടക്കുകൾ രാഷ്ട്രീയപ്രേരിതവും ന്യായരഹിതവുമാണെന്ന് സമിതി കണ്ടെത്തുകയാണെങ്കിൽ അതു വഴി രോഗികൾ, വൃദ്ധർ, വിദ്യാർത്ഥികൾ, സ്ത്രീകൾ, മറ്റു അവശ വിഭാഗങ്ങൾ എന്നിവർക്കുണ്ടായ ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി പണിമുടക്കിന് കാരണക്കാരായവരിൽ നിന്ന് പിഴ ഈടാക്കാൻ നിലവിൽ സമിതിക്ക് അധികാരമുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഭാവിയിൽ അധികാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ

## 19.10.2011-ലെ മറുപടിക്ക്

<u>നീതി മെഡിക്കല്‍ സ്റ്റോറുകളില്‍ അവശ്യമരുന്നുകളുടെ ലഭ്യത</u>

*426 ശ്രീ. സി. കൃഷ്ണന്‍
,, എ. കെ. ബാലന്‍
,, എ. എം. ആരിഫ്
,, കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നീതി മെഡിക്കല്‍ സ്റ്റോറുകളില്‍ സാധാരണക്കാരായ രോഗികള്‍ക്ക് ആവശ്യമായ മരുന്നുകള്‍ ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) ഹൃദയ ചികിത്സയ്ക്കുള്ള സ്റ്റെന്‍ഡും കാന്‍സര്‍ പോലുള്ള മാരക രോഗങ്ങള്‍ക്കുള്ള മരുന്നുകളും നീതി സ്റ്റോറുകള്‍ വഴി വില്‍പന നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) നീതി സ്റ്റോറുകള്‍വഴി വിതരണം ചെയ്യുന്ന മരുന്നുകളുടെ ലഭ്യത കുറഞ്ഞുവരുന്നത് എന്തുകൊണ്ടാണ്; നീതി സ്റ്റോറുകളുടെ പ്രവര്‍ത്തനം സംബന്ധിച്ച് ഏറ്റവും ഒടുവില്‍ അവലോകനം നടത്തിയത് എപ്പോഴാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കേന്ദ്രപദ്ധതികളുടെ സഹായം സംസ്ഥാനത്തിന് പ്രയോജന</u>
<u>പ്പെടുന്നതിന് നേരിടുന്ന പ്രയാസങ്ങൾ</u>

*427 ശ്രീ. എം. എ. ബേബി
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വികസന മേഖലയിൽ നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളുടെ സഹായം സംസ്ഥാനത്തിന് പ്രയോജനപ്പെടുന്നതിന് നേരിടുന്ന പ്രയാസങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് സംസ്ഥാനം വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾക്ക് എന്തെങ്കിലും പരിഹാരം ഉണ്ടായിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് നിന്നുള്ള കേന്ദ്രമന്ത്രിമാർക്ക് പ്രസ്തുത കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കേര ഇൻഷ്വറൻസ് പദ്ധതി</u>

*428 ശ്രീ. എം.എ. വാഹിദ്
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേര ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഇതിനായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്രം നീക്കിവച്ചിട്ടുണ്ടെന്ന് അറിയാമോ ;

(സി) ഇൻഷ്വറൻസ് പദ്ധതിയുടെ കേന്ദ്ര - സംസ്ഥാന പ്രീമിയം എത്ര രൂപ വീതമാണ്;

(ഡി) ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. റോഡ് നിർമ്മാണം</u>

*429 ശ്രീ. രാജു എബ്രഹാം
,, പി. കെ. ഗുരുദാസൻ
,, എളമരം കരീം
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പ്രകാരമുള്ള റോഡ് നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കേരളത്തിൽ പൂർണ്ണമായും പാലിക്കപ്പെടാൻ കഴിയാത്ത സാഹചര്യത്തെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ഈ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും ഉറപ്പുകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര നിയമവ്യവസ്ഥകൾ കാരണം പൂർത്തിയാക്കാൻ കഴിയാതെ മുടങ്ങിക്കിടക്കുന്ന പി. എം. ജി. എസ്. വൈ. റോഡ് നിർമ്മാണം പൂർത്തിയാക്കുവാൻ സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഉദ്യോഗസ്ഥരുടെ പരിശീലനം</u>

*430 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി
,, പി. കെ. ബഷീർ
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യേഗസ്ഥരുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കാനുദ്ദേശിച്ച് എന്തൊക്കെ പരിശീലന സംവിധാനങ്ങളാണ് നിലവിലുളളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം മുഖേന 2010-11 ൽ എന്തൊക്കെ പരിശീലന പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്;

(സി) നടപ്പു വർഷം നടപ്പാക്കിവരുന്ന പരിപാടികൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഗ്രാമവികസനത്തിലെ സർക്കാരിന്റെ കാഴ്ചപ്പാട് പകർന്നു നൽകാൻ കഴിയും വിധം ഏർപ്പെടുത്തിയിട്ടുളള പഠനപദ്ധതികളെയും, ഫാക്കൽറ്റി, പ്രായോഗിക പരിശീലന സംവിധാനം എന്നിവയേയും സംബന്ധിച്ച് വിശദ വിവരം നൽകുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം

*431 ശ്രീ. എ.റ്റി. ജോർജ്
,, ബെന്നി ബെഹനാൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇലക്ട്രോണിക് രീതിയിലാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈൻ വഴി വിവരങ്ങൾ കൈമാറുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള നടപടികൾ ശക്തിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>നെല്ലിന്റെ മൂല്യവര്‍ദ്ധിത ഉല്പന്നങ്ങള്‍</u>

*432 ശ്രീ. ഇ. ചന്ദ്രശേഖരന്‍
,, മുല്ലക്കര രത്നാകരന്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്‍ കര്‍ഷകര്‍ക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിന്റെ ഭാഗമായി നെല്ലിന്റെ മൂല്യ വര്‍ദ്ധിത ഉല്പന്നങ്ങള്‍ വിപുലമായ രീതിയില്‍ ഉല്പാദിപ്പിക്കുന്നതിന് കര്‍ഷക പങ്കാളിത്തത്തോടെയും സര്‍ക്കാര്‍ സഹായത്തോടെയും സംരംഭങ്ങള്‍ ആരംഭിക്കുന്നതിനും ഉല്പന്നങ്ങള്‍ മാര്‍ക്കറ്റ് ചെയ്യുന്നതിനും പദ്ധതികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ അവയുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ആസൂത്രണ കമ്മീഷന്റെ പുതിയ ദാരിദ്ര്യരേഖാ നിർണ്ണയമാനദണ്ഡം</u>

T*433 ശ്രീമതി കെ.കെ. ലതിക
ശ്രീ. ബി.സത്യൻ
,, ജെയിംസ് മാത്യു
ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദരിദ്രരെ കണ്ടെത്താൻ ആസൂത്രണ കമ്മീഷൻ ഇപ്പോൾ അവലംബിച്ച മാനദണ്ഡം എന്താണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 25 രൂപയിലേറെ പ്രതിദിനം വരുമാനമുള്ളവർ ദരിദ്രരല്ലെന്ന കമ്മീഷൻ നിലപാടിനോട് സംസ്ഥാന സർക്കാർ യോജിക്കുന്നുണ്ടോ ;

(സി) 25 രൂപയിൽ കൂടുതൽ പ്രതിദിന വരുമാനമുള്ളവരെ ഒഴിവാക്കിയാൽ സംസ്ഥാനത്തെ ബി.പി.എൽ. പട്ടികയിൽ നിന്നും എത്രപേർ പുറത്താകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ആസൂത്രണ കമ്മീഷന്റെ പ്രസ്തുത നിലപാട് പുന:പരിശോധിക്കാനും സുപ്രിംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം പിൻവലിക്കാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>അപകടം സംഭവിച്ച മരംകയറ്റ തൊഴിലാളികൾക്ക് നഷ്ടപരിഹാരം</u>

*434 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരംകയറ്റ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകാനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) നഷ്ടപരിഹാര ഇനത്തിൽ ആർക്കെങ്കിലും കുടിശ്ശിക നൽകാനുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഇറച്ചിക്കോഴി കര്‍ഷകരെ രക്ഷിക്കുന്നതിന് നടപടി</u>

*435 ശ്രീ. ജോസ് തെറ്റയില്‍
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇറച്ചിക്കോഴി കര്‍ഷകര്‍ നേരിടുന്ന പ്രശ്നങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അന്യ സംസ്ഥാനത്തെ ആശ്രയിച്ച് കോഴിക്കൃഷി നടത്തുന്ന കേരളത്തിലെ കര്‍ഷകരെ രക്ഷിക്കുന്നതിനായി കേരള പൗള്‍ട്രി ഡെവലപ്മെന്റ് കോര്‍പ്പറേഷന്‍ വഴി സംസ്ഥാനത്തിന് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാനും ഫീഡ് നിര്‍മ്മിക്കാനും നടപടി സ്വീകരിക്കുമോ;

(സി) എങ്കില്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഉത്പാദന ചെലവ് കുറവായ തമിഴ്നാട്ടില്‍ നിന്നും ഇറക്കുമതി ചെയ്യുന്ന കോഴിക്ക് ഈടാക്കുന്ന നികുതി എത്രയെന്നും കേരളത്തില്‍ കര്‍ഷകര്‍ നല്‍കേണ്ടിവരുന്ന നികുതി എത്രയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സോയിൽ പൈപ്പിംഗ്</u>

*436 ശ്രീ. കെ. രാജു
,, വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണിനടിയിൽ മണ്ണൊലിപ്പ് ഉണ്ടാകുന്നതായി പഠന റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ടോ;

(ബി) 'സോയിൽ പൈപ്പിംഗ്' എന്ന ഇത്തരം മണ്ണൊലിപ്പ് സംബന്ധിച്ച പഠന റിപ്പോർട്ടിലെ വിവരങ്ങൾ എന്തെല്ലാമാണ്;

(സി) ഇത്തരം മണ്ണൊലിപ്പിന് പ്രതിവിധിയായി എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>അഗ്രോ തൊഴിൽ സേന പദ്ധതി</u>

*437 ശ്രീ. വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്രോ തൊഴിൽ സേന പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കാർഷിക മേഖലയിൽ നിന്നും വിട്ടുനിൽക്കുന്ന യുവതീയുവാക്കൾക്ക് നൂതന സാങ്കേതിക വിദ്യയിലും കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിലും പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ഓഹരി മൂലധനം</u>

*438 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ബാങ്കുകളെയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാകുമോ;

(ബി) ഇവർക്ക് സർക്കാർ ഓഹരി മൂലധനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യവിളകളുടെ ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് നടപടി</u>

*439 ശ്രീ. റ്റി. യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിളകളുടെ ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് സര്‍ക്കാര്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കാമോ;

(ബി) ഭക്ഷ്യവിളകളുടെ ഉല്പാദനകാര്യത്തില്‍ ഉള്ള പിന്നോക്കാവസ്ഥ മാറ്റിയെടുക്കുവാന്‍ ഈ സര്‍ക്കാര്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ; ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്നുകൂടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ജോബ് പോര്‍ട്ടലിന്റെ പ്രവര്‍ത്തനം

*440 ശ്രീ.വി. ഡി. സതീശന്‍
,, സി.പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നോര്‍ക്ക-റൂട്ട്സിന്റെ കീഴിലുള്ള ജോബ്-പോര്‍ട്ടലിന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) വിദേശത്ത് തൊഴില്‍ ലഭിക്കുന്നതിന് അനുയോജ്യമായ പുതിയ കോഴ്സുകള്‍ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് അഭ്യര്‍ത്ഥിക്കുമോ ;

(സി) ഇങ്ങനെ തുടങ്ങുന്ന പുതിയ കോഴ്സുകളുടെ പരിശീലന പരിപാടി വിപുലീകരിക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം</u>

*441 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) വിദഗ്ദ്ധ സമിതിയുടെ ഘടന എങ്ങനെയായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾക്ക് ട്രേഡ് യൂണിയൻ നേതാക്കളുടെ അഭിപ്രായം തേടുമോ?

# കേരള നിയമസഭ

## 19.10.2011-ലെ മറുപടിക്ക്

ഭക്ഷ്യവസ്തുക്കൾക്ക് സബ്സിഡി

*442 ശ്രീ. എം. ഹംസ
,, ജി. സുധാകരൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡറേഷൻ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങൾക്ക്;

(ബി) സംഭരിക്കുന്ന ഭക്ഷ്യവസ്തുക്കൾ എത്രശതമാനം മാർജിനോടുകൂടിയാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എന്തെല്ലാം ഭക്ഷ്യവസ്തുക്കളാണ് ഉൽപാദനകേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് സംഭരിക്കുന്നത്; ഇടനിലക്കാർ വഴി ഏതെങ്കിലും ഭക്ഷ്യവസ്തുക്കൾ സംഭരിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>തരിശ് ഭൂമിയിൽ കൃഷി</u>

*443 ശ്രീ. മഞ്ഞളാംകുഴി അലി
,, പി. കെ. ബഷീർ
,, എം. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശായി കിടപ്പുള്ള കൃഷി ഭൂമികൾ കൃഷി ചെയ്ത് ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) കൃഷി ഭൂമി തരിശിടാൻ കർഷകർ നിർബന്ധിതരായിത്തീരുന്ന നിലവിലെ സാഹചര്യങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കൃഷി ഭൂമി വർഷങ്ങളോളം തരിശിട്ട് നികത്തി വൻതുകയ്ക്ക് കൈമാറ്റം ചെയ്യുന്ന റിയൽ എസ്റ്റേറ്റ് മാഫിയ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുമോ;

(ഡി) തരിശുഭൂമി കൃഷിക്കുപയുക്തമാക്കി കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് മതിയായ സാമ്പത്തിക, സാങ്കേതിക സഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ;

(ഇ) ഭൂവിനിമയ ഉദ്ദേശം വച്ച് തരിശിടുന്ന ഭൂമി പിടിച്ചെടുത്ത് സ്ഥലത്തെ കർഷകത്തൊഴിലാളി സംഘങ്ങളെക്കൊണ്ട് കൃഷിയിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ ആശുപത്രികൾ</u>

*444 ശ്രീ. കെ.കെ. നാരായണൻ
,, എസ്. ശർമ്മ
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ നിയോഗിച്ച ഏതെങ്കിലും കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) അതിലെ ഏതെല്ലാം ശുപാർശകളാണിനിയും നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഓവർസീസ് എംപ്ലോയ്മെന്റ് സ്കിൽ ടെസ്റ്റിംഗ് സെന്റർ</u>

*445 ശ്രീ. പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനും രാജ്യാന്തര തലത്തിൽ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് നോർക്ക വിഭാവനം ചെയ്യുന്നത്;

(ബി) ഇതിനായി ഒരു ഓവർസീസ് എംപ്ലോയ്മെന്റ് സ്കിൽ ടെസ്റ്റിംഗ് സെന്റർ ആരംഭിക്കുമോ;

(സി) എങ്കിൽ എവിടെയാണ് ഈ സെന്റർ ആരംഭിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വീട്ടിൽ ഒരു മാവ് പദ്ധതി</u>

*446 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വീട്ടിൽ ഒരു മാവ് പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഇനം മാവിൻതൈകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(സി) എപ്രകാരമാണ് വീടുകളിൽ മാവിൻതൈ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

സുസ്ഥിര കാർഷിക ഗ്രാമം പദ്ധതി

*447 ശ്രീ. അൻവർ സാദത്ത്
,, പാലോട് രവി
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര കാർഷിക ഗ്രാമം പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഇത് സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം വകുപ്പുകളും ഏജൻസികളും ചേർന്നാണ് ഇത് നടപ്പിലാക്കുന്നത്;

(ഡി) ഇവ കേരളത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ്

*448 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഇവർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) യഥാർത്ഥ തൊഴിലാളികൾ അല്ലാത്തവരും ആനുകൂല്യങ്ങൾക്ക് വേണ്ടി രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിനാൽ തൊഴിൽ സ്ഥലത്ത് വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണം നടത്തുന്ന ഉടമകൾക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>രാജീവ് ആരോഗ്യശ്രീ ഇൻഷ്വറൻസ് പദ്ധതി</u>

*449 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
,, ഗീതാ ഗോപി
ശ്രീ. വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ആരോഗ്യശ്രീ ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി ഈ വർഷം നടപ്പിലാക്കാൻ സാധ്യതയുണ്ടോ;

(ബി) പ്രസ്തുത പദ്ധതിമൂലം രോഗികൾക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) അതിനായി ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട്; കേന്ദ്ര വിഹിതമായി എത്ര തുക ലഭിക്കും;

(ഡി) നിലവിലുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

*450 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, എം.പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തോട്ടവിളകളുടെ വിലയിലെ അസന്തുലിതാവസ്ഥ തൊഴിലിനെ ബാധിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് പരിശോധിക്കുമോ ;

(സി) തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കുന്നതിനും അവർക്ക് മിനിമം ജീവിത സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനും മാനേജ്മെന്റുകളെ നിർബന്ധിതരാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) മാനേജ്മെന്റുകൾ ഉപേക്ഷിച്ചു പോവുകയോ അടച്ചുപൂട്ടുകയോ ചെയ്ത തോട്ടങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ലഭ്യമാക്കുമോ ;

(ഇ) ഇത്തരം തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ എങ്ങിനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 10.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.